**പതിമൂന്നാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : **3395**

**16-12-2015 ൽ മറുപടിയ്ക്ക്**

**സംയോജിത നീർത്തട വികസന പദ്ധതി**

**ചോദ്യം**

ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ.അൻവർ സാദത്ത്
ശ്രീ. ജോസഫ് വാഴയ്ക്കൻ
ശ്രീ. പി.സി. വിഷ്ണുനാഥ്

**മറുപടി.**

ശ്രീ. കെ. പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും
അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംയോജിത നീർത്തട വികസന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | മണ്ണ്, ജലം, ജൈവസമ്പത്ത് എന്നീ അടിസ്ഥാന പ്രകൃതിവിഭവങ്ങൾ സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുക, മണ്ണിന്റെ ഫലപുഷ്ടി ശോഷണം തടയുക, ഭൂജലവിതാനം ക്രമാനുഗതമായി ഉയർത്തുക, കാർഷിക - അനുബന്ധമേഖലകളിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക, ജീവനോപാധി പ്രവർത്തനങ്ങളിലൂടെ ഗ്രാമീണജനതയുടെ തൊഴിലും വരുമാനവും മെച്ചപ്പെടുത്തി അവരുടെ ജീവിത നിലവാരം അഭിവൃദ്ധിപ്പെടുത്തുക എന്നിവ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ പ്പെടുന്നു. |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) | സംസ്ഥാനത്ത് ബ്ലോക്ക് പഞ്ചായത്തു മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനതല പദ്ധതി ഏകോപനത്തിനായി State Level Nodal Agency രൂപീകരിച്ചിട്ടുണ്ട്. 14 ജില്ലകളിലും Watershed Cell cum Data Centre (WCDC) രൂപീകരിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകളെ പദ്ധതി നിർവ്വഹണത്തിൽ സഹായിക്കാനായി Watershed |

| | | | |
|---|---|---|---|
| | | | Development Team (WDT) രൂപീകരിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനം നടപ്പിലാക്കുന്ന അടിസ്ഥാന ഘടകം നീർത്തടമാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ചെയർപേഴ്സൺ ആയും വി.ഇ.ഒ. അല്ലെങ്കിൽ ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടപ്പെട്ട ഉദ്യോഗസ്ഥൻ, സെക്രട്ടറിയായും നീർത്തട കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ